(സി&ഡി) ഇതിനായി പ്രധാനമായും മൂന്ന് വിദഗ്ധ പഠനങ്ങൾ നടത്തേണ്ടതുണ്ട്. (1) തന്ത്രപ്രധാനമായ റോഡ് കണ്ടെത്തൽ (2) അവ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തൽ (3) അതിനായി പുതിയ റോഡ് ഏജൻസിയുടെ രൂപീകരണവും നടപ്പാക്കലും.

സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകുന്ന ഏറ്റവും പ്രാധാന്യമുള്ള റോഡുകളെ കണ്ടെത്തി തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുകയാണ് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 'സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് ' പദ്ധതിയുടെ ലക്ഷ്യം. ഇതിനുള്ള ധനസഹായം കെ.എസ്.ടി.പി. -2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് തെരഞ്ഞെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്നതാണ്. ഈ ടീമിന് നേതൃത്വം നൽകാൻ പദ്ധതിയുടെ 'ക്ലയിന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസർ' എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും പ്രവർത്തനങ്ങൾ വ്യക്തമായി അറിയുന്ന പരിചയ സമ്പന്നനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്.

അയിലം പാലം നിർമ്മാണം

131 (2627) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയിലം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അയിലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 25.32 മീറ്റർ നീളത്തിൽ മൂന്ന് സ്പാനുള്ള പാലത്തിന്റെ അയിലം ഭാഗത്തെ സ്പാനിന്റെയും മദ്ധ്യ ഭാഗത്തെ സ്പാനിന്റെയും പണികൾ പൂർത്തീകരിച്ചു. ഗണപതിയൻകോണം ഭാഗത്തെ സ്പാനിന്റെ ഫോം വർക്കിന്റെ പണികൾ പുരോഗമിക്കുന്നു. പുഴയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയിലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി 31-12-2015-നുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

വിവിധ റെയിൽവേ മേൽപ്പാലങ്ങൾ

132 (2628) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നു വരുന്നത് ; ഏത് ഏജൻസിയാണ് നടപ്പിലാക്കുന്നത് ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ നൽകാനുള്ള വിഹിതം കുടിശ്ശിക ആയിട്ടുണ്ടോ ;

(സി) ഇതു കാരണം പ്രസ്തുത പണികൾ നിർത്തിവയ്ക്കേണ്ടുന്ന സാഹചര്യം ഉടലെടുത്തിട്ടുണ്ടോ ;

(ഡി) നിശ്ചിത സമയത്തിനുള്ളിൽ മേൽപ്പാലങ്ങളുടെ പണി പൂർത്തി ആകാതിരുന്നാൽ പണിക്കുള്ള റെയിൽവേ വിഹിതം നഷ്ടമാകും എന്നത് അറിവുള്ളതാണോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ 5 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവും കെ.എസ്.ടി.പി. യുടെ കീഴിൽ മൂന്ന് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു.

(ബി & സി) ഇല്ല.

(ഡി) നിശ്ചിത സമയത്തിനുള്ളിൽ പണി തീർന്നില്ലെങ്കിൽ റെയിൽവേയിൽ നിന്നുള്ള വിഹിതം നഷ്ടമാകുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly